LIBRARY ARCHIVES Kerala Legislative Assembly

മത്സ്യലഭ്യതയുടെ കണക്ക്

217(723) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷം കഴിയുന്തോറും സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

ഉണ്ട്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നിരവധി നടപടി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.ക്കുമുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. അതോടൊപ്പം കടൽ കൂടു കൃഷിയും പ്രാവർത്തികമാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ദിനംപ്രതി ആവശ്യമുള്ള മത്സ്യത്തിന്റെ അളവെത്രയെന്നും നിലവിലെ മത്സ്യലഭ്യതയുടെ അളവ് എത്രയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 2050 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായിവരുന്നത്. അതായത് പ്രതിവർഷം 7.5 ലക്ഷം മെട്രിക് ടൺ മത്സ്യാവശ്യകതയുണ്ട്. വർഷംതോറും 1.48 ലക്ഷം മെട്രിക് ടൺ മത്സ്യം സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്നുണ്ട്. അങ്ങനെ വർഷംതോറും 8.98 ലക്ഷം മെട്രിക് ടണ്ണിന്റെ മത്സ്യാവശ്യകതയാണ് സംസ്ഥാനത്തുള്ളത്. സംസ്ഥാനത്തെ അവസാന 5 വർഷത്തെ വാർഷിക മത്സ്യ ലഭ്യത (marine + inland) ചുവടെ ചേർക്കുന്നു:

2015-16 - 727507 MT

2016-17 - 676466 MT

2017-18 - 672767 MT

2018-19 - 801758 MT

2019-20 - 680798 MT

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവെത്ര; ഏതൊക്കെ ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് ഇത്തരത്തിൽ മത്സ്യം എത്തുന്നത്; ഇതിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങൾ സംസ്ഥാനത്തുണ്ട് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കെത്തുന്ന മത്സ്യത്തിന്റെ ഏകദേശ അളവ് ഒരു വർഷം 2.18 ലക്ഷം മെട്രിക് ടണ്ണാണെന്ന് കണക്കാക്കിയിട്ടുണ്ട്. കർണാടകം, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുമാണ് ദിനം പ്രതി കേരളത്തിൽ മത്സ്യം എത്തുന്നത്. സംസ്ഥാനത്തിന് പുറത്തുനിന്ന് വിൽപ്പനയ്ക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു. കേന്ദ്രസർക്കാർ ഗവേഷണ സ്ഥാപനമായ Central Institute of Fisheries Technology വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Hi-Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉല്പാദനം സാധ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്

(ഡി) സംസ്ഥാനം എന്നത്തേയ്ക്ക് മത്സ്യലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ?

സംസ്ഥാനം അടുത്ത 5 വർഷം കൊണ്ട് മത്സ്യലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്നാണ് പ്രതിക്ഷിക്കുന്നത്.

കേരളതീരത്തെ മത്സ്യസമ്പത്ത്

218(724) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം കേരള തീരത്ത് മത്സ്യസമ്പത്തിൽ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ ആക്ട് കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുമെന്നതിനാൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. അതോടൊപ്പം കടൽ കൂട് കൃഷിയും പ്രാവർത്തികമാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly